(എ) കോട്ടയം ജില്ലയിലെ കിടങ്ങൂർ, കല്ലറ, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ കല്ലറ, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) സ്ഥലം ഏറ്റെടുക്കൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) സബ് സ്റ്റേഷൻ നിർമ്മാണ ജോലി സ്ഥലം വാങ്ങുന്നതുകൂടി ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായികൊണ്ടിരിക്കുന്നു.

വൈദ്യുതി തടസ്സം

93(309) ശ്രീ. പി . വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ നിരന്തരമായുണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ?

ഉത്തരം

കൊയിലാണ്ടി സബ്സ്റ്റേഷനിൽ നിന്നുള്ള 11 കെ.വി. കൊയിലാണ്ടി ഫീഡറിലെ ദുർബ്ബലമായ കണക്ടറുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ കൊയിലാണ്ടി നഗരത്തിലേക്ക് കൊയിലാണ്ടി സബ്സ്റ്റേഷനിൽ നിന്നും ഒരു പ്രത്യേക 11 കെ.വി. ലൈൻ വലിയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി കൊണ്ടിരിക്കുന്നു. ഈ ജോലിക്കുവേണ്ടി 38.51 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 3 കി.മീ. 11 കെ.വി. ഭൂഗർഭ കേബിളും, 1.7 കി.മീ. ഓവർഹെഡ് ലൈനും അടങ്ങിയതാണ് ഈ ജോലി. എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

അഡീഷണൽ വൈദ്യുതിചാർജ് ബില്ല്

94(310) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാടിന് സമീപം ചെറുക്കണ് വടക്ക് മിനിഭവനത്തിൽ ജനാർദ്ദനൻ എന്നയാൾക്ക് എന്ത് തുകയ്ക്കുള്ള എത്ര കാലത്തെ അഡീഷണൽ ബില്ലാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly